# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 168** — **28/06/2016-ൽ മറുപടിക്ക്**

## ആരോഗ്യനയം

ചോദ്യം — മറുപടി

**ശ്രീ.പി.കെ.ശശി** — **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിന്ന് ഉൻമൂലനം ചെയ്യപ്പെട്ട ഏതൊക്കെ പകർച്ച വ്യാധികൾ തിരികെ വരുകയുണ്ടായിയെന്നും ഇതു മൂലം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷകാലയളവിനുള്ളിൽ മരണപ്പെട്ടവർ എത്രയെന്നാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് നിന്നും ഉന്മൂലനം ചെയ്യപ്പെട്ട വസൂരി, പോളിയോ രോഗങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ തിരിച്ചു വന്നിട്ടില്ല |
| ബി) പകർച്ച വ്യാധികളെ ഉൻമൂലനം ചെയ്യാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെയും ഇതര മന്ത്രിമാരുടെ യും സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മേയ് 30- ന് |

| | | |
|---|---|---|
| | | ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതി ഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ച് മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ല യുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം കൂടി സ്ഥിതി ഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മേയ് മാസത്തിൽ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ല/ ബ്ലോക്ക് തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറക്കുകയുണ്ടായി. ജില്ലകളിലും സംസ്ഥാനത്തും ദിവസേന രോഗ വിവരം, രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | തുടങ്ങിയവ അതാത് ആരോഗ്യവകുപ്പ് ടീമുകൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. എം.എൽ.എ മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തി വരുന്നു. എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകളെ പ്പറ്റിയും, ഫീൽഡ് ഉദ്യോഗസ്ഥർക്ക് രോഗ നിയന്ത്രണത്തെപ്പറ്റിയും പ്രത്യേക പരിശീലനം നൽകി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ജില്ലയിലെ ദ്രുതകർമ്മ സേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്തു രോഗനിവാരണത്തിനായി പാലക്കാട് ജില്ലയിൽ മന്തുരോഗ സമൂഹ ചികിത്സ ആഗസ്റ്റ് 10-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ജപ്പാൻ ജ്വരത്തെ പ്രതിരോധിക്കുവാനായി ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകി വരുന്നു. കൊതുകുജന്യരോഗങ്ങളെ നിയന്ത്രിക്കുവാനായി ഊർജ്ജിത കൊതുകു നിയന്ത്രണ പ്രവർത്തനങ്ങളും, ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി, ജല സ്രോതസ്സുകളിൽ ക്ലോറിനേഷനും, മറ്റു |

| | | |
|---|---|---|
| | | ബോധവൽക്കരണ പ്രവർത്തനങ്ങളും ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഊർജ്ജിതമായി നടത്തി വരുന്നു. |
| സി) സംസ്ഥാനത്ത് മാനവവിഭവശേഷിയുടെ ജനസംഖ്യ-ഡോക്ടർ അനുപാതം നിലവിൽ എത്രയെന്നും ഇതിൽ എപ്രകാരമുള്ള മാറ്റം വരുത്താനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദാംശം വ്യക്തമാക്കുമോ; | സി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഡോക്ടർ പോപ്പുലേഷൻ അനുപാതം 1:6765 ആണ്.<br>ജനസംഖ്യാനുപാതികമായി മാറ്റം വരുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |
| ഡി) ഇന്ത്യൻ ഭരണഘടനയിൽ ആരോഗ്യം സംസ്ഥാന പട്ടികയിലായതിനാൽ രോഗ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന, മരുന്നുമേഖലയിലെ സ്വയം പര്യാപ്തത കൈവരിച്ച, ആരോഗ്യരംഗം ഏറെ മെച്ചപ്പെടുത്തുവാൻ ഉതകുന്ന ക്യൂബൻ മാതൃക നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | ഇക്കാര്യം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ